പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4825 01/07/2013—ൽ മറുപടി നല്കേണ്ടിയിരുന്നത്

## സെക്രട്ടേറിയറ്റ്/പി.എസ്.സി/ലോക്കൽ ഫണ്ട് ആഡിറ്റ് അസിസ്റ്റന്റ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | മുഖ്യമന്ത്രി |
| (എ) സെക്രട്ടേറിയറ്റ്/പി.എസ്.സി/ലോക്കൽ ഫണ്ട് ആഡിറ്റ് അസിസ്റ്റന്റ് നിയമനത്തിൽ പി.എസ്.സി വഴിയുള്ള ബൈട്രാൻസ്ഫർ നിയമനം 4% ആക്കാനുള്ള സർക്കാർ തീരുമാനം തള്ളിയ പി.എസ്.സി തീരുമാനത്തിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്തെ വിവിധ സബോർഡിനേറ്റ് സർവ്വീസുകളിലെ താഴ്ന്ന ശമ്പളക്കാരായ ജീവനക്കാർക്ക് സെക്രട്ടേറിയറ്റ്/പി.എസ്.സി /ലോക്കൽ ഫണ്ട് ഓഡിറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ് തുടങ്ങിയവയിലെ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികയിലേയ്ക്ക് പബ്ളിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള ബൈട്രാൻസ്ഫർ നിയമനം നിലവിലുള്ള 2% നിന്നും 4% ആയി വർദ്ധിപ്പിക്കുവാനുള്ള സർക്കാരിന്റെ താല്ക്കാലിക തീരുമാനത്തോട് പി.എസ്.സി വിയോജിച്ച സാഹചര്യത്തിൽ തുടർ നടപടികൾ സർക്കാർ അവസാനിപ്പിച്ചു. |
| (ബി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഈ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉടനടി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ 2013 ഏപ്രിൽ മുതൽ 2014 മാർച്ച് വരെയുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിൽ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിൽ പതിനെട്ട് ഒഴിവുകൾ നിലവിലുണ്ട്.. പ്രസ്തുത ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) 2013-14 സാമ്പത്തിക വർഷം എത്ര സെക്രട്ടേറിയറ്റ് റിട്ടയർമെന്റ് വേക്കൻസി ഉണ്ടാകുമെന്ന് അറിയിക്കുമോ? | (സി) 2013-14 സാമ്പത്തിക വർഷം സെക്രട്ടേറിയറ്റിലെ പൊതു ഭരണ വകുപ്പിൽ 180 റിട്ടയർമെന്റ് വേക്കൻസികൾ ഉണ്ടാകും. 2013-2014 സാമ്പത്തിക വർഷം നിയമ വകുപ്പിൽ 11 റിട്ടയർമെന്റ് വേക്കൻസി പ്രതീക്ഷിക്കുന്നു. ധനകാര്യ വകുപ്പിൽ 2013-2014 സാമ്പത്തിക വർഷം പതിനാറ് റിട്ടയർമെന്റ് വേക്കൻസി ഉണ്ടാകും. |

സെക്ഷൻ ഓഫീസർ